മുട്ടുകൾ വിശദീകരിച്ചുകൊണ്ട് അവയ്ക്കു പരിഹാരം നൽകുന്നതിനുള്ള ഒരു പദ്ധതിയാണ് കേരള പ്ലാനിംഗ് ബോർഡ് തയ്യാറാക്കിവച്ചത്. ആ പദ്ധതിയുടെ അടിസ്ഥാനത്തിലുള്ള വിഹിതം അനുവദിച്ചുകിട്ടുന്നതിനുവേണ്ടി വിവിധകക്ഷികളുടെ പിന്തുണയോടുകൂടിയുള്ള ഒരു പ്രക്ഷോഭണത്തിന് നമ്മുടെ ഗവൺമെന്റു മുൻകൈയെടുക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: അതു ജോർജ് തോമസിന്റെ ചോദ്യത്തിനുത്തരമായി പറഞ്ഞുകഴിഞ്ഞു. അതെപ്പറ്റി ആലോചിക്കാം.

ശ്രീ. മുസ്തഫാകെമാൽ: ഇ. എം. എസിന്റെ മന്ത്രിസഭയുടെ കാലത്ത് ഇതെപ്പറ്റിപ്ലാനിംഗ് ബോർഡുമായും മറ്റും ചർച്ചചെയ്തിട്ടാണ് ഡൽഹിക്കു പോകാറുള്ളത് അതുപോലെതന്നെ പ്ലാനിംഗ് ബോർഡിന്റെ വൈസ്ചെയർമാനെയും അനൗദ്യോഗികാംഗങ്ങളെയുംകൂടി ചർച്ചചെയ്യാൻ പോകുന്ന അവസരത്തിൽ കൊണ്ടുപോകാറുണ്ട്. ഈ ഗവൺമെന്റു വന്നതിനു ശേഷം അവരെയൊന്നും കൊണ്ടുപോകാതിരിക്കാനെന്താണ് കാരണം?

ശ്രീ. സി. അച്യുതമേനോൻ: പ്രത്യേക കാരണം ഇപ്പോൾ പ്ലാനിംഗ് ബോർഡിൽ അനൗദ്യോഗികാംഗങ്ങൾ ഇല്ലെന്നുള്ളതാണ്.

ശ്രീ. മുസ്തഫാകെമാൽ: പിരിച്ചുവിടുന്നതിനുമുൻപു മുഖ്യമന്ത്രി ഡൽഹിക്കു പോയപ്പോഴുള്ള കാര്യമാണു പറഞ്ഞത്.

ശ്രീ. ഇ. അഹമ്മദ്: കേരളത്തിനു ഇപ്പോൾ കിട്ടിയിട്ടുള്ള വിഹിതം നാഷണൽ ഡെവലപ്പുമെന്റു കൗൺസിലിൽ ചർച്ചചെയ്തതാണെന്നുപറഞ്ഞു. ആ മാനദണ്ഡം കേരളത്തിനംഗീകരിച്ചിട്ടുണ്ടോ? നമുക്കു കിട്ടിയ സംഖ്യ വളരെക്കുറവായതുകൊണ്ടു അതു കേന്ദ്രഗവൺമെന്റിനെ അറിയിക്കാൻ തയ്യാറാണോ?

ശ്രീ. സി. അച്യുതമേനോൻ: മാനദണ്ഡത്തെസംബന്ധിച്ചു പരിശോധിച്ചിട്ടില്ല. അതു എല്ലാ മുഖ്യമന്ത്രിമാരും അംഗീകരിച്ചു കഴിഞ്ഞു എന്നാണു മനസ്സിലാക്കുന്നത്.

കാർഷികോപകരണങ്ങളുടെ വിതരണം

* 178. (699.) ശ്രീ. സി. എം. കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ 1969 വരെ കാർഷികോപകരണങ്ങൾക്കുള്ള എത്ര അപേക്ഷകൾ പരിഗണിച്ചിട്ടുണ്ട്;

(ബി) എത്ര ഉറുപ്പികയുടെ കാർഷികോപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ):

(എ) ഏകദേശം നാലായിരം അപേക്ഷകൾ ലഭിച്ചതിൽ രണ്ടായിരത്തിഅഞ്ഞൂറോളം അപേക്ഷകർക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ബി) 1969 അവസാനംവരെ ആകെ 750 കാർഷികോപകരണങ്ങൾ ഹയർപർച്ചേസിൽ നിന്നു കൊടുത്തിട്ടുണ്ട് കൂടാതെ 78 ട്രാക്ടറുകളും 14 പവ്വർ ടില്ലറുകളും രൊക്കം വിലയ്ക്കു കൃഷിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആകെ 44.39 ലക്ഷം രൂപയുടെ കാർഷികോപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. കുട്ടി: ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരത്തിൽ പമ്പ് സൊറുകം വിതരണം ചെയ്തതിനെപ്പറ്റി ഒന്നും പ്രസ്താവിച്ചു കേട്ടില്ല. പമ്പുസെറുകം വേണമെന്നുള്ള അപേക്ഷകം കിട്ടിയിരുന്നില്ലേ? കിട്ടിയിരുന്നുവെങ്കിൽ കൊടുത്തിട്ടില്ലേ?

ശ്രീ. ഒ. കോരൻ: കോർപ്പറേഷൻ നിലവിൽവന്നത് 1-1-1969-ൽ ആണ്. ആദ്യകാലത്ത് പമ്പുസെറുകംകൊ വേണ്ടത്ര അപേക്ഷകം ഉണ്ടായിരുന്നില്ല. അതിനുശേഷം വളരെയധികം അപേക്ഷകം പമ്പുസെറുകംക്കുവേണ്ടി കിട്ടിയിരുന്നു. 2500 ഓളം അപേക്ഷകം കിട്ടിയിരുന്നു.

ശ്രീ. സി. എം. കുട്ടി: പമ്പുസെറുകംക്കുവേണ്ടി അപേക്ഷകം അയക്കുന്നത് ബ്ലോക്ക് മുഖേനയായിരിക്കണമെന്നു നിബന്ധന വച്ചതുകൊണ്ട് പമ്പുസെറുകം യഥാസമയം ലഭിക്കുവാൻ പ്രയാസമുള്ളതുകൊണ്ട് നേരിട്ട് അപേക്ഷകം സമർപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചു നടപ്പിലാക്കുമോ?

ശ്രീ. ഒ. കോരൻ: ബ്ലോക്കുകം മുഖേന അപേക്ഷകം സമർപ്പിക്കുന്നത് നല്ലതായിരിക്കുമെന്നുള്ളതുകൊണ്ടാണ് ഗവൺമെൻറു ആ നടപടി സ്വീകരിച്ചത്. അങ്ങനെ സ്വീകരിക്കുന്നതിൽ എന്തെങ്കിലും വിഷമതകം ഉണ്ടെങ്കിൽ ഗവൺമെൻറ് അതേപ്പറ്റി ആലോചിച്ച് [illegible] തീരുമാനമെടുക്കാം.

ശ്രീ. പി. വി. എബ്രഹാം: ട്രാക്ടറുകംക്കുള്ള അപേക്ഷകം കിട്ടിയതനുസരിച്ച് അഗ്രോ ഇൻഡസ്ട്രീസ് കാർപ്പറേഷനിൽ നിന്നും എത്ര ട്രാക്ടറുകം വിതരണം ചെയ്തിട്ടുണ്ട്?

ശ്രീ. ഒ. കോരൻ: ഫയർപവർട്ടേസ് മുഖേന 99 എണ്ണവും അതുകൂടാതെ 78 എണ്ണവും ആണ് കൊടുത്തത്. വളരെയധികം അപേക്ഷകം കിട്ടിയിരുന്നു. മുഴുവനും സപ്ലൈ ചെയ്യുവാൻ സാധിക്കുകയില്ല എന്നുള്ളത് വസ്തുതയാണ്.

ശ്രീ. പി. വി. എബ്രഹാം: ഈ സാമ്പത്തികവർഷം കഴിഞ്ഞിട്ട് ഈ എഞ്ചിനുകളുടെ വില പത്തു ശതമാനം വർദ്ധിക്കുവാൻ പോകുന്നതായി അറിയുന്നുണ്ട്. ഇന്ന് ആവശ്യക്കാരായി വന്നിരിക്കുന്ന കൃഷിക്കാർക്ക് ഈ യന്ത്രങ്ങം ഉടനെതന്നെ കൊടുക്കുവാൻ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തയ്യാറാകുമോ?

ശ്രീ. ഒ. കോരൻ: വില വർദ്ധനവുണ്ടായാൽ സാധാരണയായി കൃഷിക്കാർ അതു കൊടുക്കേണ്ടിവരും. ഗവൺമെൻറിനു് എന്താണ് ചെയ്യുവാൻ സാധിക്കുക.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: അഗ്രോ ഇൻഡസ്ട്രീസ് കാർപ്പറേഷന്റെ കീഴിൽ വിവിധ കേന്ദ്രങ്ങളിൽ കാർഷികോപകരണങ്ങം റിപ്പയർ ചെയ്യുന്നതിനുള്ള വർക്ഷോപ്പുകം ആരംഭിക്കുന്നതായി പറഞ്ഞു കേൾക്കുകയുണ്ടായി. അതിൽ അവസാന തീരുമാനമെടുത്തിട്ടുണ്ടോ? ഏതെങ്കിലും ജില്ലയിൽ വർക്ഷോപ്പുകം സ്ഥാപിച്ചിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: തൃശ്ശൂർ ഡിസ്ട്രിക്ടിൽ അരിമ്പൂർ എന്ന സ്ഥലത്തും പാലക്കാട്ടും തുറന്നിട്ടുണ്ട്. മറ്റുള്ള സെൻറുകളിൽ വർക്ഷോപ്പുകം തുറക്കുവാൻ ആലോചിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കുട്ടികൃഷ്ണൻനായർ: അഗ്രോ ഇൻഡസ്ട്രീസ് കാർപ്പറേഷന്റെ കീഴിൽ ഉപകരണങ്ങളും വിൽപ്പന നടത്തുന്നതിന് ഏജൻസികളും ഉണ്ടോ? സഹകരണസംഘങ്ങൾക്ക് കമ്മീഷൻ കൊടുക്കുന്നുണ്ടോ?

ശ്രീ. ഒ. കോരൻ: കമ്മീഷൻ ഏജൻസി ഉള്ളതായി അറിവില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: ട്രാക്ടറുകളും ടില്ലറുകളും ഉപയോഗിച്ച് കൃഷി നടത്തിയാൽ കർഷകത്തൊഴിലാളികൾക്ക് വൻതോതിൽ തൊഴിലില്ലായ്മ ഉണ്ടാകുമെന്ന ശക്തമായ അഭിപ്രായം വന്നിട്ടുണ്ട്. അതുകൊണ്ട് ട്രാക്ടറുകളും ടില്ലറുകളും വിതരണം ചെയ്യുന്നത് നിറുത്തിവയ്ക്കണമെന്ന് കാണിച്ച് നിവേദനവും ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: ആ കാര്യത്തെപ്പറ്റി വളരെ ശക്തിയായ അഭിപ്രായങ്ങൾ വന്നു കഴിഞ്ഞിട്ടുണ്ട്. യാതൊരു തീരുമാനവും എടുത്തു കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നടപടി കൈക്കൊള്ളുന്നതിന്റെ ഫലമായി കർഷകത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നുവെന്നുള്ള അഭിപ്രായം വളരെ വന്നിട്ടുണ്ട്. കൂടുതൽ കൃഷി ചെയ്യേണ്ടിവരുമ്പോൾ കൂലിചെലവും കന്നുകാലിക്കു നൽകുവാൻ വൈക്കോലും എല്ലാം കൂടുതൽ ചെലവു സൃഷ്ടിക്കുമെന്നും അതുകൊണ്ടു ട്രാക്ടർ ഉപയോഗിക്കുന്നത് നല്ലതാണെന്നും ഒരഭിപ്രായം കർഷകരുടെ ഇടയിൽനിന്നും വന്നിട്ടുണ്ട്. അന്തിമമായ തീരുമാനം എടുത്തിട്ടില്ല.

ശ്രീ. ഇ. ജാൺജേക്കബ്: ട്രാക്ടറുകളും ടില്ലറുകളും കേന്ദ്രഗവൺമെന്റിൽനിന്നും കാട്ടാകണക്കിന് ലഭിക്കുന്നത് നമ്മുടെ ആവശ്യത്തിനു തികയുന്നില്ല എന്നുള്ളതുകൊണ്ട് അപേക്ഷകരം അനുസരിച്ച് അതു കൊടുക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ട്രാക്ടറുകളും ടില്ലറുകളും നമ്മുടെ ആവശ്യാനുസരണം ലഭിക്കുവാൻ ഈ ഗവൺമെന്റു എന്തെങ്കിലും നടപടിസ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: ആവശ്യങ്ങളും ഈ ഗവൺമെന്റ് അപ്പോഴപ്പോൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എം. എം. തോമസ്: അഗ്രോ ഇൻഡസ്ട്രീസ് കാർപ്പറേഷനിൽ കാർഷികോപകരണങ്ങളും ഉൽപ്പാദിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: അതിനുള്ള നടപടി ഗവൺമെന്റു കൈക്കൊണ്ടുവരികയാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ട്രാക്ടറുകളും ടില്ലറുകളും ഉപയോഗിക്കുന്നതുകൊണ്ട് തൊഴിലില്ലായ്മ വർദ്ധിക്കുമെങ്കിലും തൊഴിൽ സാധ്യതകളും മറ്റൊരു തരത്തിൽ വർദ്ധിക്കുമെന്നും ആണ് ഗവൺമെന്റിന്റെ അഭിപ്രായമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇതു ഏതെങ്കിലും സ്ഥിതിവിവരക്കണക്കുകളും ശേഖരിച്ചതിനു ശേഷമുള്ള അഭിപ്രായമാണോ? അങ്ങനെ ശേഖരിക്കപ്പെട്ട സ്ഥിതിവിവരക്കണക്കുകളും മേശപ്പുറത്തു വയ്ക്കുവാൻ സാധ്യതയുണ്ടോ?

ശ്രീ. ഒ. കോരൻ: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം ശരിയല്ല. ഞാൻ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞതു്, നമ്മുടെ നാട്ടിൽ ട്രാക്ടറുകളും ഉപയോഗിക്കുന്നതിന്റെ ഫലമായി തൊഴിൽ സൗകര്യങ്ങളും നഷ്ട

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുമെന്നാണ്. സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടില്ല. പിന്നെ ഒരുപ്പൂ ഇരുപ്പൂവാകുന്നതോടെയും ഇരുപ്പൂ മൂപ്പൂവാകുന്നതോടെയും കൂടുതൽ തൊഴിൽ സൗകര്യങ്ങൾ വർദ്ധിക്കുമെന്നത് ശരിയാണ്. സ്ഥിതിവിവര കണക്കുകളൊന്നും ശേഖരിച്ചിട്ടില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ട്രാക്ടർ ഉപയോഗിക്കുന്നതുകൊണ്ട് 'പൂവി'ന്റെ എണ്ണം വർദ്ധിപ്പിക്കുവാൻ കഴിയുമെന്നു ഗവൺമെന്റു ധരിക്കുന്നുണ്ടോ?

ശ്രീ. ഒ. കോരൻ: തൊഴിലാളികളെ കിട്ടാൻ സൗകര്യമില്ലാതെ വരുന്ന അവസരത്തിൽ ഈ വിധത്തിൽ പ്രവർത്തിക്കുന്നു എന്നുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇതുകൊണ്ടു കൂടുതൽ ആളുകൾക്ക് തൊഴിൽ സൗകര്യങ്ങൾ നഷ്ടപ്പെടുവാൻ ഇടയുണ്ട്. എത്രയാളുകൾക്ക് നഷ്ടപ്പെടാൻ ഇടയുണ്ടെന്നു വ്യക്തമായിട്ട് പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എ. വി. ആര്യൻ: അഗ്രോ ഇൻഡസ്ട്രീസ് കാർപ്പറേഷൻ കേരളത്തിലാകെത്തന്നെ പമ്പുസെറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ എടുത്തിരിക്കെ തൃശ്ശൂർ ഡിസ്ട്രിക്ടിൽ പഴം, പച്ചക്കറി സൊസൈറ്റി മുഖേന വാങ്ങുന്ന കർഷകനു ഒരു പമ്പുസെറ്റു വാങ്ങുമ്പോൾ 600—ൽ ചിലപ്പോൾ ഉറുപ്പിക നഷ്ടം വരുന്നുവെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം വല്ല പരാതിയും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: അതേപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപ്പോൾ മാത്രമേ അറിഞ്ഞുള്ളൂ.

ശ്രീ. എ. വി. ആര്യൻ: തൃശ്ശൂർ ജില്ലയിൽ പമ്പുസെറ്റു വിതരണം ചെയ്യുന്നത് പഴം പച്ചക്കറി സൊസൈറ്റി എന്നറിയപ്പെടുന്ന ഒരു സൊസൈറ്റിയാണ്. കൃഷിക്കാരനു അവിടെനിന്നും വാങ്ങുന്ന പമ്പു സെറ്റിനു 690 ഉറുപ്പിക കൂടുതൽ വിലകൊടുക്കേണ്ടിവരുന്നുണ്ട്. ആ സൊസൈറ്റിയുടെ കുത്തക അവസാനിപ്പിക്കുന്നതിനു നടപടി എടുക്കുമോ?

ശ്രീ. ഒ. കോരൻ: അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. പി. കുഞ്ഞൻ: ഒരുപ്പൂ ഇരുപ്പൂവാകുകയും ഇരുപ്പൂ മൂപ്പൂവാകുകയും ചെയ്യുമ്പോൾ കർഷകത്തൊഴിലാളികളുടെയിടയിൽ വളരെയധികം തൊഴിൽസാധ്യതകൾ ഉണ്ടാകുമെന്നു പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് തൊഴിൽ സാധ്യത കൂടിയിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: ഒരുപ്പൂ ഇരുപ്പൂവാക്കുമ്പോഴും ഇരുപ്പൂ മൂപ്പൂവാക്കുമ്പോഴും കൂടുതൽ തൊഴിൽസാധ്യതയുണ്ടാകുമെന്നുള്ളതു സത്യമാണ്.

ശ്രീ. പി. കുഞ്ഞൻ: ഞാൻ ചോദിച്ചത്, തൊഴിലാളികളെ കിട്ടാൻ പ്രയാസമുണ്ടാകുന്നുവെന്നു നേരത്തെ മന്ത്രി സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ്; അത്രയ്ക്കു തൊഴിലാളികൾക്കു കൂടുതൽ തൊഴിൽസാധ്യതയുണ്ടായിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: ഒരുപ്പൂ ഇരുപ്പൂവാക്കുമ്പോഴും ഇരുപ്പൂ മുപ്പൂവാക്കുമ്പോഴും കുറെയധികം തൊഴിൽസാധ്യതയുണ്ടാകും. എത്രയെന്നുള്ളതിന്റെ സ്ഥിതിവിവരക്കണക്ക് പറയാൻസാധിക്കുകയില്ല.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: കാർഷികമേഖലയിൽ യന്ത്രവൽക്കരണം നടപ്പിൽവരുത്തിയാൽ കാർഷികത്തൊഴിലാളികൾ സർപ്ലസ് ആകും.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലില്ലായ്മ വർദ്ധിക്കും. ഇതു കർഷകത്തൊഴിലാളികൾക്കെതിരായ ക്രൂരമായ നടപടിയല്ലേ, ആ രീതിയിലേക്കു വഴിതെളിക്കുകയില്ലേ?

ശ്രീ. ഒ. കോരൻ: ഇതു ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷമുള്ള നടപടിയല്ല; മുൻഗവൺമെന്റ് കൈക്കൊണ്ടനടപടിയാണ്. ഇനിയും എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ, വ്യക്തമായ നടപടികൾ എടുക്കേണ്ടതായിട്ടുണ്ടോ എന്നു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ട്രാക്ടറുകളും ടില്ലറുകളും ഉപയോഗിക്കുന്നതുമൂലം ജോലിനഷ്ടപ്പെടുന്ന കർഷകത്തൊഴിലാളികൾക്കു അതേ രംഗത്തുതന്നെ ജോലികൊടുക്കുമെന്നും ഈ രംഗത്തുജോലികൊടുക്കുന്നതിൽ കർഷകത്തൊഴിലാളികൾക്കു മുൻഗണന നൽകുമെന്നും മുൻകൃഷിമന്ത്രി പറഞ്ഞിരുന്നു. ആ രീതിയിൽ എത്ര കർഷകത്തൊഴിലാളികൾക്കു ജോലി നൽകി?

ശ്രീ. ഒ. കോരൻ: മുൻമന്ത്രി പറഞ്ഞത് ഈ രംഗത്തേക്കു ഡ്രൈവർമാരെയും മറ്റും തിരഞ്ഞെടുക്കുമ്പോൾ ഇത്രശതമാനം കർഷകത്തൊഴിലാളികൾക്കു റിസർവു ചെയ്യുമെന്നാണ്. അതനുസരിച്ച് ചെയ്യുന്നുണ്ട്. വേറെവല്ല മുൻഗണനയും വേണമെങ്കിൽ ചെയ്യാം.

ശ്രീ. കെ. എം. മാണി: റഷ്യൻ ട്രാക്ടർ ലഭിക്കുന്നതിന് എത്രപേർ പണം അടച്ചിട്ടുണ്ട്? അതിൽ ആരെങ്കിലും തുക പറഞ്ഞിക്കൊണ്ടു അപേക്ഷ തിരിച്ചുവാങ്ങിയിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: നോട്ടീസ് വേണം.

ശ്രീ. എം. കെ. ജോർജ്: പാലക്കാട് ജില്ലയിൽ ആകെ മൊത്തം എത്ര ട്രാക്ടർ വിതരണം ചെയ്തിട്ടുണ്ട്? ഇനിയും കൂടുതൽ ആവശ്യമുന്നയിച്ചുകൊണ്ട് എത്രപേർ മുന്നോട്ടു വന്നിട്ടുണ്ട്?

ശ്രീ. ഒ. കോരൻ: എത്രയെന്ന് ഇപ്പോൾ കൃത്യമായിപറയാൻ സാധിക്കുകയില്ല. കൂടുതൽ പാലക്കാട് ജില്ലയിലാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: ട്രാക്ടർ ഉപയോഗിച്ച് ഉഴുന്നതുകൊണ്ടു മണ്ണു കൂടുതൽ ആഴത്തിൽ ഇളകുന്നതുകൊണ്ട് 30 ശതമാനം വിളവ് വർദ്ധിക്കുമെന്നു വിദക്ദ്ധൻമാർ അഭിപ്രായപ്പെട്ടിട്ടുള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. ഇ. ടി. കുഞ്ഞൻ: ട്രാക്ടർ ഉപയോഗിക്കുന്നതുകൊണ്ടു കർഷകത്തൊഴിലാളികൾക്കു ജോലി നഷ്ടപ്പെടുന്നതിനാൽ കർഷകത്തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഓരോ കർഷകത്തൊഴിലാളിയൂണിയനും സൗജന്യമായി ട്രാക്ടർ കൊടുക്കാൻ ഭയവുണ്ടാകുമോ?

(ഉത്തരം പറഞ്ഞില്ല)

മി. സ്പീക്കർ: ആലോചിക്കാം എന്നൊന്നും പറഞ്ഞുകളയരുത്.

ശ്രീ. എസ്. ദാമോദരൻ: അടുത്ത സാമ്പത്തികവർഷംമുതൽ പമ്പുസെറ്റുകൾക്കു വില വർദ്ധിച്ചേക്കും എന്നുള്ളതുകൊണ്ടു കമ്പനിക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തെ ആർഡറുകൾ അനുസരിച്ചു മനഃപൂർവം സപ്ലൈ നടത്താതിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇന്നു സപ്ലൈ നടത്താതിരുന്നാൽ അടുത്ത സാമ്പത്തികവർഷംമുതൽ കൂടുതൽ വില വാങ്ങാമെന്നുള്ള പ്രത്യേക ഉദ്ദേശത്തോടുകൂടി ചിലകമ്പനിക്കാർ സപ്ലൈ നടത്താതിരിക്കുന്നതിനാൽ അതിനെതിരായി ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ട്രാക്ടറുകൾ ധനികകൃഷിക്കാർക്കു കൊടുക്കുന്നതിനുപകരം കർഷകത്തൊഴിലാളികൾക്കാണു കൊടുക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ അതിന്റെ ഗുണം കർഷകത്തൊഴിലാളികൾക്കാണു ലഭിക്കുക. നേരെമറിച്ചു ധനികകൃഷിക്കാരെ കൂടുതൽ ധനികരാക്കുകയെന്ന നയമല്ലല്ലോ ഗവൺമെന്റിനുള്ളത്. അതുകൊണ്ടു ധനികകൃഷിക്കാർക്കു കൊടുക്കുന്നതിനു പകരം കർഷകത്തൊഴിലാളികൾക്കു ട്രാക്ടർ കൊടുക്കുന്ന കാര്യത്തെപ്പറ്റി എന്തുകൊണ്ട് ആലോചിച്ചുകൂടാ?

ശ്രീ. ഒ. കോരൻ: ബഹുമാനപ്പെട്ട മെംബർ പറഞ്ഞതു തീർച്ചയായും ആലോചിക്കാൻ പറ്റിയ കാര്യമാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ട്രാക്ടർ ഇതുവരെ വിതരണം ചെയ്തിട്ടുള്ളതു 78 എണ്ണം ആണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി സഭയെ അറിയിച്ചതു. അപേക്ഷിച്ച പലർക്കും, ചില പ്രത്യേക പാർട്ടിയുടെ ശുപാർശക്കത്തോടുകൂടി അപേക്ഷ കൊടുത്തിട്ടില്ലെന്ന കാരണത്താൽ ട്രാക്ടർ കിട്ടിയിട്ടില്ലെന്നും ചില പ്രത്യേക പാർട്ടിക്കു പണം കൊടുക്കാൻ തയ്യാറാകാത്തവർക്കു ലഭിച്ചിട്ടില്ലെന്നും ആവശ്യം കഴിഞ്ഞു ലഭിച്ചതുകൊണ്ടു ചിലർ ഉപേക്ഷിച്ചുവെന്നും ഉള്ള റിപ്പോർട്ടുകൾ ഞങ്ങൾക്കു കിട്ടിയിട്ടുണ്ട്. അതിനെപ്പറ്റി അന്വേഷണം നടത്തുമോ?

ശ്രീ. ഒ. കോരൻ: ബഹുമാനപ്പെട്ട മെംബർ പറഞ്ഞതു ഞാൻ നിഷേധിക്കുകയാണ്. അങ്ങനെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. അപേക്ഷകരുടെ ലിസ്റ്റുപ്രത്യേകം തയ്യാറാക്കി അതനുസരിച്ചു കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. രാഘവൻ: ട്രാക്ടർ ഉപയോഗിച്ച് കൃഷിചെയ്യുകയാണെങ്കിൽ കർഷകത്തൊഴിലാളികൾക്കു തൊഴിൽ നഷ്ടപ്പെടുമെന്നു പറയുന്നതുപോലെ പമ്പുസെറ്റുപയോഗിച്ചു വെള്ളമടിക്കുന്ന പ്രവർത്തനത്തിന്റെ ഫലമായി കർഷകത്തൊഴിലാളികൾക്കു തൊഴിൽനഷ്ടമുണ്ടാകുമെന്നു പറഞ്ഞാൽ അതും ശരിയല്ലേ?

ശ്രീ. ഒ. കോരൻ: അതും ശരിയാണ്. ചക്രംചവിട്ടിയാണ് ചിലയിടത്തു വെള്ളംകൊണ്ടുപോകുന്നത്. പക്ഷേകൂടുതൽ ആവശ്യംവരുമ്പോൾ പമ്പുസെറ്റുകൾതന്നെ ഉപയോഗിക്കേണ്ടിവരും.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ബഹുമാനപ്പെട്ട ഇമ്പിച്ചിബാവ നേരത്തെ ഉന്നയിച്ചപോലെ, കർഷകത്തൊഴിലാളികൾ ട്രാക്ടർ വാങ്ങുന്നതിന് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ സമീപിച്ചാൽ അത് അനുഭാവപൂർവ്വം പരിഗണിച്ച്, ബഹുമാനപ്പെട്ട മുൻമന്ത്രി ആവശ്യപ്പെട്ടതുപോലെ, കർഷകത്തൊഴിലാളികൾക്ക് ഉഴുന്നതിനാവശ്യമായ ട്രാക്ടറുകൾ കൊടുക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. കോരൻ: ആലോചിച്ചുകൊണ്ടിരിക്കുകയാണ്. സഹകരണ സംഘങ്ങൾ രൂപീകരിക്കുകയാണെങ്കിൽ കൂടുതൽ സൗകര്യമായിരിക്കും. സഹകരണസംഘങ്ങളിൽക്കൂടി പമ്പുസെറ്റുകൾ വാങ്ങി ഉപയോഗിക്കുന്നുണ്ട്. അതുപോലുള്ള പദ്ധതികൾ പ്രയോഗത്തിൽ വരുത്താൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: മുൻഗവൺമെന്റിന് ഒരു പദ്ധതി ഉണ്ടായിരുന്നുവെന്നു പറഞ്ഞുകേട്ടു. ആ പദ്ധതിയുടെ അടിസ്ഥാനത്തിൽ കർഷകത്തൊഴിലാളികൾക്ക് ട്രാക്ടർ കൊടുക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ എന്ന് അന്വേഷിക്കുമോ?

മി. സ്പീക്കർ: സൗകര്യമായിട്ട് അന്വേഷിച്ചു പറയാം.

ശ്രീ. ആർ. എസ്. ഉണ്ണി: കാർഷികരംഗത്ത് യന്ത്രവൽക്കരണം ഏർപ്പെടുത്തുന്നതിന്റെ ഫലമായിട്ടും പ്രൊഡക്ഷൻ ടെക്നിക്കുകളിൽ വരുന്ന മാറ്റങ്ങളുടെ ഫലമായിട്ടും ഉൽപ്പാദനം ഗണ്യമായി വർദ്ധിക്കുമെന്നും അതിന്റെ ഫലമായി ഒരുവശത്തു ധനികകൃഷിക്കാരും മറുവശത്ത് പാവപ്പെട്ട കർഷകത്തൊഴിലാളികളും ഉണ്ടാകുമെന്നു പ്രതിപക്ഷനേതാവു പറയുകയുണ്ടായി. അതുകൊണ്ട് ഈ പ്രക്രിയ ത്വരിപ്പിക്കുന്നതിനുവേണ്ടി കർഷകത്തൊഴിലാളികൾക്ക് കൂടുതൽ ടില്ലറുകളും ട്രാക്ടറുകളും വിതരണം ചെയ്യുമോ?

ശ്രീ. ഒ. കോരൻ: കൂടുതൽ വിതരണംചെയ്യുന്ന കാര്യത്തെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. പി. കുര്യൻ: രണ്ടു റീജിയണൽ വർക്ക് ഷോപ്പുകൾ ആരംഭിച്ചതായി പറഞ്ഞു. അതുപോലെ വേറെ ചില റീജിയണൽ വർക്ക്ഷോപ്പുകളും ആരംഭിക്കാൻപോകുന്നതായും പറഞ്ഞു. എവിടെയാണ് എന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. ഒ. കോരൻ: നോട്ടീസു വേണം.

ശ്രീ. എം. കെ. എ. ഹമീദു: സാങ്കേതികവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ചെറുപ്പക്കാരുടെ ഇടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഇൻഡ്യൻ ഓയിൽ കമ്പനി അവരുടെ വിൽപ്പന ഏജൻസി അത്തരത്തിലുള്ള ചെറുപ്പക്കാർക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അശോക ഇൻഡസ്ട്രീസ് കോർപ്പറേഷൻ അതിന്റെ വിൽപ്പനഏജൻസി ഇതുപോലുള്ള ചെറുപ്പക്കാർക്ക് കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. ഒ. കോരൻ: ഗവൺമെന്റ് അക്കാര്യത്തെപ്പറ്റി ആലോചിച്ചിട്ടില്ല.

വളത്തിന് വില വർദ്ധനവ്

* 179 (700) ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

നെൽക്കൃഷിയുടെ വളത്തിനുള്ള വില വർദ്ധിച്ചുവരുന്നത് തടയാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ജലസേചനവും കൃഷിയുംമന്ത്രി (ശ്രീ. ഒ. കോരൻ):

വളത്തിന്റെ വില നിർണ്ണയിക്കുന്നത് കേന്ദ്രഗവൺമെന്റു വിദേശവിപണിയിൽനിന്നും വാങ്ങിക്കുന്ന വളത്തിന്റെ വിലയെ ആശ്രയിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly